"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - നിലവിൽ സസ്പെൻഷനിൽ തുടരുന്ന നഗരസഭ സെക്രട്ടറി ഗ്രേഡ്-I ആയ ശ്രീ.എസ്. നാരായണനെതിരെ വിവിധ വിഷയങ്ങളിൽ ആരംഭിച്ച അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.**374/2026/LSGD** തീയതി,തിരുവനന്തപുരം, **11-02-2026**

---

പരാമർശം:- 1. ശ്രീ.എസ്. നാരായണന് നൽകിയ **06.02.2025** തീയതിയിലെ ഇയു4/**175/2024**-തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ /പത്രിക.

2. ശ്രീ.എസ്. നാരായണൻ സമർപ്പിച്ച **13.06.2025** തീയതിയിലെ അപേക്ഷ.

3. സർക്കാരിന്റെ **27.06.2025** തീയതിയിലെ ഇയു4/**175/2024**-തസ്വഭവ നമ്പർ കത്ത്.

4. പ്രിൻസിപ്പൽ ഡയറക്ടറുടെ **28.01.2026** തീയതികളിലെ **LSGD/PD/66430/2023-VIGB2** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പിൽ നഗരസഭ സെക്രട്ടറി ഗ്രേഡ് -I (ഡെപ്യൂട്ടി ഡയറക്ടർ) ആയ, നിലവിൽ സസ്പെൻഷനിൽ തുടരുന്ന, ശ്രീ.എസ്. നാരായണനെതിരെ വിവിധ വിജിലൻസ് കേസുകളിൽ അന്വേഷണം നടന്ന് വരികയും മറ്റ് വിജിലൻസ് & ആന്റി കറപ്ഷൻ മുഖേനയുള്ള പ്രാഥമിക അന്വേഷണങ്ങളിൽ കുറ്റാരോപിതനുമാണെന്ന് കണ്ടതിനെ തുടർന്ന് ഇന്ദ്രപ്രസ്ഥ എന്ന ഹോട്ടലിൽ ബാർ ലൈസൻസിനു ആവശ്യമുള്ള കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിനായി ടിയാൻ കൈക്കൂലി ആവശ്യപ്പെട്ടു എന്ന ആരോപണത്തിലും 'ക്രിസ് ഗ്ലോബൽ' എന്ന ഏജൻസിയിൽ നിന്നും അനധികൃതമായി പണം വാങ്ങുന്നതിനിടെ ടിയാനെ **03/03/2023**ന് വിജിലൻസ് പിടികൂടിയതുമായി ബന്ധപ്പെട്ട വിഷയത്തിലും എസ്.യു.റ്റി അക്കാഡമി ഓഫ് മെഡിക്കൽ സയൻസ് അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിന് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകിയതുമായി ബന്ധപ്പെട്ടും ടിയാനെതിരെ അനധികൃതമായി സ്വത്ത് സമ്പാദനം നടത്തിയതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടക്കുന്നതിലും ടിയാൻ അഴിമതി നടത്തുന്നതിന് കീഴുദ്യോഗസ്ഥർക്കുമേൽ സമ്മർദ ചെലുത്തുന്നതിയുള്ള ആരോപണത്തിലും ടിയാൻ നെടുമങ്ങാട്, ചെങ്ങന്നൂർ, തിരുവല്ല നഗസഭകളിൽ

നഗരസഭ സെക്രട്ടറി ആയി സേവനമനുഷ്ഠിക്കവെ നഗരസഭ കൗൺസിലർമാർ/ചെയർപെഴ്സൺ എന്നിവരോട് മോശമായി പെരുമാറുകയും ടിയാനെതിരെ നിരവധി ക്രിമിനൽ കേസുകൾ നിലവിലുള്ളതായുമുള്ള വിഷയങ്ങളിൽ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (1) പ്രകാരം കുറ്റാരോപണ മെമ്മ/പത്രിക നൽകുകയും ചെയ്തിരുന്നു.

2.കുറ്റാരോപണ മെമ്മോ/പത്രിക 31.05.2025 തീയതിയിൽ കൈപ്പറ്റിയതായും പ്രതിവാദ പത്രിക സമർപ്പിക്കുന്നതിനും രേഖകൾ ഹാജരാക്കൂന്നതിനുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുവാൻ അനുമതി ആവശ്യപ്പെട്ട് ടിയാൻ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ടിയാൻ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് രേഖകൾ പരിശോധിക്കുന്നതിനും ആവശ്യമായവ കുറിച്ചെടുക്കുന്നതിനും പരാമർശം (3) പ്രകാരം അനുമതി നൽകുകയും ചെയ്തിരുന്നു. എന്നാൽ പ്രതിവാദ പത്രിക ലഭ്യമാക്കാത്തതിനെ തുടർന്ന് ടി വിഷയത്തിൽ പ്രിൻസിപ്പൽ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ശ്രീ.നാരായണൻ.എസ്-ന് രേഖകൾ പരിശോധിക്കുന്നതിന് അനുമതി നൽകുന്നതിന് പത്തനംതിട്ട ജില്ലാ ജോയിന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നതായും രേഖകൾ പരിശോധിക്കുന്നതിന് 31.07.2025-ന് പത്തനംതിട്ട ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ഹാജരാകുന്നതിന് ടിയാന് അറിയിപ്പ് നൽകിയിരുന്നതായും പ്രസ്തുത തീയതിയിൽ ടിയാൻ ഹാജരായിട്ടില്ല എന്നും ടിയാൻ ഇതുവരെ പ്രതിവാദ പത്രിക സമർപ്പിച്ചിട്ടില്ലായെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3.ശ്രീ.എസ്. നാരായണന് നൽകിയ പരാമർശം (1) പ്രകാരമുള്ള കുറ്റാരോപണ മെമ്മോ/പത്രികയിലെ ആരോപണങ്ങളിൽ ക്രമനമ്പർ 1, 2, 3, 4 എന്നിവയിൽ തദ്ദേശ സ്വയംഭരണ വകുപ്പിലും വിജിലൻസ് വകുപ്പിലും അച്ചടക്ക നടപടി സ്വീകരിച്ച് വരുന്നതിനാലും ആയവ വിവിധ ഘട്ടങ്ങളിലുമാണെന്നതിനാലും മറ്റ് ആരോപണങ്ങളിൻമേൽ കുറ്റാരോപണ മെമ്മോ/പത്രികയ്ക്ക് ടിയാൻ മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിലും അച്ചടക്ക നടപടിയുമായി മുന്നോട്ട് പോകാവുന്നതും ഔപചാരിക അന്വേഷണം നടത്താവുന്നതുമാണെന്ന് കാണുന്നു.

4. ആയതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നഗരസഭ സെക്രട്ടറി ഗ്രേഡ് -I (ഡെപ്യൂട്ടി ഡയറക്ടർ) ആയ നിലവിൽ സസ്പെൻഷനിൽ തുടരുന്ന ശ്രീ.എസ്. നാരായണനെതിരെ വിവിധ ആരോപണങ്ങളിൽ 1960 ലെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി കുറ്റാരോപണ മെമ്മോ/പത്രികയിലെ അവസാനത്തെ രണ്ട് ആരോപണങ്ങളിൻമേൽ ഔപചാരിക അന്വേഷണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ ശ്രീമതി. ലിഷ മോഹനെ അന്വേഷണ ഉദ്യോഗസ്ഥയായി നിയമിച്ച് ഉത്തരവാകുന്നു.

5. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ ശ്രീമതി. ലിഷ മോഹൻ

ടി വിഷയത്തിൽ അന്വേഷണം നടത്തി ഈ ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**LALI K**

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീമതി. ലിഷ മോഹൻ, ജോയിന്റ് ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തിരുവനന്തപുരം
ശ്രീ.എസ്. നാരായണൻ, മുൻ നഗരസഭ സെക്രട്ടറി (നിലവിൽ സസ്പെൻഷനിൽ) (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/175/2024-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 11-02-2026 16:45:08
സെക്ഷൻ ഓഫീസർ